(ഡി) പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ഇ) പത്തനംതിട്ട ജില്ലയിലെ ഒഴിവുകൾ സ്ഥിര നിയമനം നടത്തുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നികത്തുന്നതിനു വേണ്ട നിർദ്ദേശം പത്തനംതിട്ട ജില്ലാ ആഫീസർക്ക് നൽകിയിട്ടുണ്ട്.

ഹോമിയോ ആശുപത്രിയിലെ ഒഴിവുകൾ

134 (145) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹോമിയോപ്പതി ആശുപത്രികളിൽ വളരെ കാലമായി നിരവധി തസ്തികകൾ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിവരം വിശദമാക്കാമോ ;

(സി) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കാരണം ഇപ്പോഴുള്ള ജീവനക്കാർ അധികം ജോലി ചെയ്യേണ്ടി വരികയും രോഗികൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന തസ്തികകളിൽ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മെഡിക്കൽ ആഫീസർ	-	58
ക്ലാർക്ക്	-	20
ഫാർമസിസ്റ്റ്	-	59
അറ്റൻഡർ	-	60
പ്യൂൺ	-	6
പി.റ്റി.എസ്	-	50

(സി) ഇതിൽ മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ്, ക്ലാർക്ക്, അറ്റൻഡർ, പ്യൂൺ, എന്നിവരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.റ്റി.എസ് തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാൻ ഡി.എം.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹോമിയോപ്പതി വകുപ്പിലെ ഒഴിവുകൾ

135 (146) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാന ഹോമിയോപ്പതി വകുപ്പിൽ 58 മെഡിക്കൽ ആഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് കാരണം രോഗികൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഹോമിയോപ്പതി വകുപ്പിലെ യോഗ്യരായ പാരാമെഡിക്കൽ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് കെ.എസ്.ആർ റൂൾ 9 (9) പ്രകാരം മെഡിക്കൽ ആഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനുള്ള ഒരു നിർദ്ദേശം ഹോമിയോ ഡയറക്ടറിൽനിന്നും ലഭിച്ചത് പരിശോധനയിലാണ്.

ട്യൂട്ടർ തസ്തികയിലുള്ള ഒഴിവുകൾ

136 (147) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോഴിക്കോട് ഹോമിയോ കോളേജുകളിൽ ഒഴിവുള്ള ട്യൂട്ടർ തസ്തികകളിലേയ്ക്ക് അടിയന്തിരമായി നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ഹോമിയോ കോളേജിൽ എത്ര ട്യൂട്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ആവശ്യമായ ട്യൂട്ടർമാർ ഇല്ലാത്തതിനാൽ ഹോമിയോ കോളേജുകളിൽ അദ്ധ്യാപനം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) തിരുവനന്തപുരം ഹോമിയോ കോളേജിൽ ഒൻപതും (9), കോഴിക്കോട് ഹോമിയോ കോളേജിൽ അഞ്ചും (5) ട്യൂട്ടർമാരുടെ ഒഴിവുകളാണുള്ളത്.

(സി) ഉള്ള അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കി അദ്ധ്യായനം തടസ്സമില്ലാതെ നടത്തുന്നുണ്ട്.

(ഡി) 2 ഒഴിവുകൾ 1998-ൽ റിപ്പോർട്ട് ചെയ്തിരുന്നു. അതിനുശേഷം പി.എസ്.സി.ക്ക് എഴുതിയിട്ടില്ല. ഈ വകുപ്പിൽ സപെഷ്യൽ റൂൾസ് അംഗീകരിച്ച് ഉത്തരവായിട്ടില്ലാത്തതിനാലും എക്സിക്യൂട്ടീവ് ഓർഡർ കോടതി

LIBRARY ARCHIVES Kerala Legislative Assembly